നോട്ട് നിരോധനത്തിന്ശേഷം സഹകരണ ബാങ്കുകളുടെ അറ്റനിക്ഷേപത്തിൽ 6386.18 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. സഹകരണ ബാങ്കുകൾ നൽകിയ വായ്പയിൽ ഏകദേശം 30% കുറവും വായ്പാ തിരിച്ചടവിൽ 44.2% കുറവും വന്നിട്ടുണ്ട്.

**കേപ്പ് എഞ്ചിനീയറിംഗ് കോളേജിന്റെ വികസനം**

289 (2487) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കേപ് എഞ്ചിനീയറിംഗ് കോളേജിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം സഹായങ്ങളാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത എഞ്ചിനീയറിംഗ് കോളേജിന്റെ വികസനത്തിനായി എന്തെങ്കിലും സഹായങ്ങൾ ചെയ്യുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേപ്പിന്റെകീഴിലുള്ള തലശ്ശേരി എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക വികസനത്തിനും മറ്റ് ചെലവുകൾക്കുമായി 45.856 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും കോളേജിലെ ലാബുകൾ വിപുലീകരിക്കുകയും ലൈബ്രറി പുതുക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ കോളേജുകളെയും മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായുള്ള ഫണ്ട് കിഫ്ബി വഴി ലഭ്യമാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

കൂടാതെ തലശ്ശേരി എം.എൽ.എ.-യുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 135 ലക്ഷം രൂപ ചെലവിൽ ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണസമിതി തെരഞ്ഞെടുപ്പ്**

290 (2488) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണ സമിതികൾ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ട് നിശ്ചിത കാലാവധി കഴിഞ്ഞ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സഹകരണ നിയമം അനുശാസിക്കുന്ന തരത്തിൽ, പുതിയ ഭരണ സമിതി തെരഞ്ഞെടുപ്പിന് സഹകരണ ഇലക്ഷൻ കമ്മീഷനെ വിവരം അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ജില്ലാ സഹകരണ ബാങ്കുകളിലെ പുതിയ ഭരണസമിതികളുടെ തെരഞ്ഞെടുപ്പിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ജില്ലാ സഹകരണ ബാങ്കുകളിലെ അഡ്മിനിസ്ട്രേറ്റർ ഭരണത്തിന്റെ നിശ്ചിത കാലാവധി പൂർത്തിയായിട്ടില്ല.

(സി) സർക്കാർ ഇക്കാര്യം സമയോചിതമായി തീരുമാനിക്കുന്നതാണ്.

**കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ ലഭ്യമാക്കാൻ നടപടി**

291 (2489) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട സഹകരണ സ്ഥാപനങ്ങളെയും സംഘങ്ങളെയും കാര്യക്ഷമമായ പ്രവർത്തിപഥത്തിലേയ്ക്ക് കൊണ്ടുവരുന്നതിനായി സബ്സിഡി നിരക്കിലോ കുറഞ്ഞ പലിശ നിരക്കിലോ വായ്പകൾ നൽകുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(ബി) സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി കൂടുതൽ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള വനിത സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, സംസ്കരണ സഹകരണ സംഘങ്ങൾ തുടങ്ങിയ ചെറുകിട സഹകരണ സംഘങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ നല്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. അതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനായി സബ്സിഡിയും ഓഹരിയും നൽകുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്.

(ബി) സഹകരണ വകുപ്പിന് 2017-18 സാമ്പത്തിക വർഷം എൻ.സി.ഡി.സി. ധനസഹായം ഉൾപ്പെടെ 22 സ്കീമുകൾക്കായി 18500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടുതൽ ധനസഹായത്തിനായി പ്ലാനിംഗ് ബോർഡിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly